ഭൂമി നൽകുന്നതിന് മാറ്റിവച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിന് വേണ്ടി കല്ലട ഇറിഗേഷൻ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത 9.59 ഹെക്ടർ ഭൂമി കണ്ടെത്തിയെങ്കിലും തർക്കംമൂലം വിതരണം ചെയ്യുന്നതിന് സാധിച്ചില്ല. ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.* അതു പോലെ മുൻ വർഷങ്ങളിൽ ഓരോ ജില്ലയിലും വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ അനുബന്ധം (2)* ആയി ചേർക്കുന്നു.

(ബി) നിലവിൽ കോടതി കേസ്സുകളൊന്നും ഇല്ല. ആലപ്പുഴ ജില്ലയിൽ നിലവിലുണ്ടായിരുന്ന കേസിൽ സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ ഹൈക്കോടതി വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ആദിവാസികൾക്കിടയിലെ ശിശുമരണങ്ങൾ

358 (698) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സംസ്ഥാനത്ത് ആദിവാസികൾക്കിടയിൽ എത്ര ശിശു മരണങ്ങളുണ്ടായി ;

(ബി) ഈ ശിശുമരണങ്ങൾ സംഭവിക്കാനിടയായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന വിശദമാക്കുമോ ;

(സി) ആദിവാസി വിഭാഗത്തിൽപ്പെടുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	2012	-	44
	2013	-	94
	2014	-	20
	ആകെ		158

(ബി) വിലയിരുത്തിയിട്ടുണ്ട്. ഗർഭിണിയായിരിക്കുമ്പോൾ മാതാക്കളുടെ പോഷകാഹാരക്കുറവ്മൂലം വേണ്ടത്ര വളർച്ചയില്ലാതെയും മാസം തികയാതെയും പ്രസവിച്ചതിനാലാണ് മരണം സംഭവിച്ചത്.

(സി) ഉണ്ട്. സംസ്ഥാനത്ത് അട്ടപ്പാടി മേഖലയിൽനിന്നുമാത്രമാണ് ഇത്തരം റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. ആദിവാസി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവുള്ളതായി ശ്രദ്ധയിൽവന്നതിനെ തുടർന്ന് അട്ടപ്പാടി മേഖലയിൽ 3 ന്യൂട്രിഷണൽ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. ഗുരുതരമായ പോഷകാഹാരകുറവുള്ള കുട്ടികളെ ഇവിടെ കിടത്തി ചികിൽസിക്കുന്നുണ്ട്. ഐ.സി.ഡി.എസ് അംഗൻവാടികൾവഴി പ്രത്യേക ന്യൂട്രിഷൻ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. കേരളത്തിലെ എല്ലാ ആദിവാസികളായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി 'ജനനി ജന്മരക്ഷ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം 1000 രൂപാ നിരക്കിൽ പരമാവധി 18 മാസം ടി ഇകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് മണിയോർഡറായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽനിന്നും അയച്ചുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ 101 സാമൂഹ്യ അടുക്കളകൾ ഊരുകളിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. സാമൂഹ്യനീതി വകുപ്പ് പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത് വരുന്നുണ്ട്. വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ് അയൺ ഗുളികകൾ എന്നിവ വിതരണം ചെയ്ത് വരുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്ക് ശഫല കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly